1) പതിനെട്ടാമത് ബ്രിക്സ് ഉച്ചകോടിക്ക് നാളെ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ തുടക്കം. ബ്രിക്സ് ബിസിനസ്സ് ഫോറത്തെ അഭിസംബോധന ചെയ്ത് പ്രധാനമന്ത്രി നരേന്ദ്രമോദി ഉൾപ്പെടെ ലോകനേതാക്കൾ.

2) റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ പുടിനുമായി ഉഭയകക്ഷി ചർച്ച നടത്തി പ്രധാനമന്ത്രി. ഇറാൻ പ്രസിഡൻറുമായും, യുഎൻ സെക്രട്ടറി ജനറലുമായുമുള്ള കൂടിക്കാഴ്ച അൽപസമയത്തിനകം.

3) രാജ്യത്ത് ആദ്യമായി വയോജന സൗഹൃദ ഓഫീസ് സർട്ടിഫിക്കേഷൻ സംവിധാനം നടപ്പാക്കാനൊരുങ്ങി സംസ്ഥാന സർക്കാർ.

4) വൈദ്യുതി പ്രതിസന്ധി മറികടക്കാൻ സൗരോർജ്ജോത്പാദനവും ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റവും വ്യാപകമാക്കുമെന്ന് മന്ത്രി സണ്ണി ജോസഫ്. വൈദ്യുതി നിയന്ത്രണത്തിന് ഇന്നും സാധ്യതയെന്ന് കെ.എസ്.ഇ.ബി.

RNU TVPM

5) ശബരിമല മണ്ഡല - മകരവിളക്ക് തീർഥാടനത്തിൻെറ മുന്നൊരുക്കങ്ങൾ വിലയിരുത്താൻ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ തിരുവനന്തപുരത്ത് ഇന്ന് യോഗം ചേർന്നു.

6) ജൂനിയർ ഏഷ്യകപ്പ് പുരുഷ ഹോക്കി ഫൈനലിൽ പ്രവേശിച്ച് ഇന്ത്യ

**************************

## ബ്രിക്സ്

പതിനെട്ടാമത് ബ്രിക്സ് ഉച്ചകോടിക്ക് നാളെ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ തുടക്കമാകും. ഇന്ത്യയുടെ അധ്യക്ഷതയിൽ ചേരുന്ന ഉച്ചകോടിയിൽ റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ പുടിൻ, ചൈനീസ് പ്രസിഡൻറ് ഷീ ജിൻപിങ്ങ്, ഇറാൻ പ്രസിഡൻറ് മസൂദ് പെസഷ്കിയാൻ, യു.എൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് തുടങ്ങിയ പ്രമുഖർ പങ്കെടുക്കും. ഫലപ്രദമായ ചർച്ചകൾക്ക് ഉച്ചകോടി വേദിയാകുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ആത്മവിശ്വാസം പങ്കുവച്ചു. 'പ്രതിരോധശേഷി, നവീകരണം, സഹകരണം, സുസ്ഥിരത' എന്നതാണ് ഇത്തവണത്തെ പ്രമേയം. ഇന്ത്യയ്ക്ക് പുറമേ ബ്രസീൽ, ചൈന, ഈജിപ്റ്റ്, എത്യോപ്യ, ഇന്തോനേഷ്യ, ഇറാൻ, റഷ്യ, സൗദി അറേബ്യ, ദക്ഷിണാഫ്രിക്ക, യു.എ.ഇ എന്നീ പതിനൊന്ന് രാജ്യങ്ങളാണ് ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുക്കുന്നത്. രാജ്യതലസ്ഥാനത്ത് കർശനമായ സുരക്ഷ ക്രമീകരണങ്ങളാണ് ഇതോടനുബന്ധിച്ച് ഏർപ്പെടുത്തിയിരിക്കുന്നത്.

**************************

## ബ്രിക്സ് ബിസിനസ്സ് ഫോറം (ഇൻട്രോ)

ബ്രിക്സ് ബിസിനസ്സ് ഫോറത്തിൻെറ ലീഡേർസ് സെഷൻ ഭാരത് മണ്ഡപത്തിൽ പുരോഗമിക്കുന്നു. പ്രധാനമന്ത്രി നരേന്ദ്രമോദി, റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ പുടിൻ, ഇറാൻ പ്രസിഡൻറ്

RNU TVPM

മസൂദ് പെസഷ്കിയാൻ തുടങ്ങിയവർ സമ്മേളനത്തെ അഭിസംബോധന ചെയ്തു. നൂതനാശയങ്ങളുടെ ആഗോള കേന്ദ്രങ്ങളായി ബ്രിക്സ് രാജ്യങ്ങൾ മാറുന്നതായി ശ്രീ മോദി ലീഡേർസ് സെഷനിൽ പറഞ്ഞു. ആഗോള അനിശ്ചിതാവസ്ഥകൾക്കിടയിലും ഇന്ത്യ വളർച്ചയുടെയും, സുസ്ഥിരതയുടെയും കേന്ദ്രമായി തുടരുകയാണെന്നും അദ്ദേഹം വ്യക്തമാക്കി.

**(ഹോൾഡ് വോയ്സ്........)**

**************************

## പ്രധാനമന്ത്രി- പുടിൻ

ബ്രിക്സ് ഉച്ചകോടിയുടെ പശ്ചാത്തലത്തിൽ റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനുമായി ഉഭയകക്ഷി ചർച്ച നടത്തി പ്രധാനമന്ത്രി നരേന്ദ്ര മോദി. രാഷ്ട്രീയ, സാമ്പത്തിക, പ്രതിരോധ മേഖലകളിലെയും, ഊർജ്ജ, ബഹിരാകാശ രംഗങ്ങളിലെയും സഹകരണത്തിന്റെ പുരോഗതി ഇരുവരും വിലയിരുത്തി. പശ്ചിമേഷ്യയിലെയും കരിങ്കടൽ മേഖലയിലെയും സംഘർഷം ഉൾപ്പെടെ സുപ്രധാന വിഷയങ്ങളിൽ ഇരുനേതാക്കളും കാഴ്ചപ്പാടുകൾ പങ്കുവെച്ചു. ചർച്ചകളും നയതന്ത്രവുമാണ് സംഘർഷങ്ങൾ പരിഹരിക്കാനുള്ള ഏക മാർഗ്ഗമെന്ന് പറഞ്ഞ ശ്രീ മോദി സമാധാന ശ്രമങ്ങൾക്കുള്ള ഇന്ത്യൻ പിന്തുണ ആവർത്തിച്ചു. ഇറാൻ പ്രസിഡന്റ് മസൂദ് പെസഷ്കിയാനുമായും യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസുമായും പ്രധാനമന്ത്രി ഇന്ന് കൂടിക്കാഴ്ച നടത്തുന്നുണ്ട്.

RNU TVPM

**************************

## വയോജന സൗഹൃദ ഓഫീസ്

സംസ്ഥാനത്തെ സർക്കാർ ഓഫീസുകളെ വയോജന സൗഹൃദമാക്കുന്നതിനുള്ള നൂതന പദ്ധതിക്ക് തുടക്കം കുറിക്കാനൊരുങ്ങി വയോജന ക്ഷേമ വകുപ്പ്. രാജ്യത്ത് ആദ്യമായാണ് വയോജന സൗഹൃദ ഓഫീസ് സർട്ടിഫിക്കേഷൻ സംവിധാനം നടപ്പാക്കുന്നത്. വില്ലേജ്, താലൂക്ക് ഓഫീസുകൾ,

ആശുപത്രികൾ, ബാങ്കുകൾ, ഗതാഗത കൗണ്ടറുകൾ എന്നിവിടങ്ങളിൽ സർട്ടിഫിക്കേഷൻ നടപ്പാക്കും. പൊതു മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധനകൾ നടത്തി ഗോൾഡ്, സിൽവർ, ബ്രോൺസ് സർട്ടിഫിക്കറ്റുകളാണ് നൽകുന്നത്. പടികളില്ലാത്ത പ്രവേശനം, താഴത്തെ നിലയിലെ ശൗചാലയം, മുതിർന്ന പൗരന്മാർക്കായി മുൻഗണന ക്യൂ എന്നിവ നിർബന്ധമായും പാലിക്കേണ്ട മാനദണ്ഡങ്ങളിൽ ഉൾപ്പെടുന്നു.

**************************

## ശബരിമല- മുഖ്യമന്ത്രി (ഇൻട്രോ)

ശബരിമല മണ്ഡല - മകരവിളക്ക് തീർഥാടനത്തിൻറെ മുന്നൊരുക്കങ്ങൾ വേഗത്തിലാക്കണമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. തീർത്ഥാടനത്തിന് മുന്നോടിയായി തിരുവനന്തപുരത്ത് ഇന്ന് അവലോകന യോഗം ചേർന്നു.

**വിശദാംശങ്ങളിലേക്ക്...**

**(വോയിസ്)**

*ഭക്തർക്ക് ആവശ്യമായ സൗകര്യങ്ങളും സുരക്ഷയും ഒരുക്കുന്നതിൽ ഒരു വീഴ്ചയും വരുത്തരുതെന്ന് മുഖ്യമന്ത്രി യോഗത്തിൽ നിർദേശിച്ചു. സന്നിധാനത്ത് എല്ലാ വകുപ്പുകളുടെയും സംയുക്ത കൺട്രോൾ റൂം സ്ഥാപിക്കണം. പമ്പ, ശബരിമല, ഇടത്താവളങ്ങൾ എന്നിവിടങ്ങളിൽ ശുചീകരണയജ്ഞം നടത്തേണ്ടതാണ്. പ്രസാദവിതരണത്തിന് ആവശ്യമായ സാധന സാമഗ്രികളുടെ ലഭ്യതയും ഉറപ്പ് വരുത്തണം. ഭക്തർക്ക് അപകടമുണ്ടാക്കുന്ന രീതിയിൽ ബാരിക്കേഡുകൾ സ്ഥാപിക്കരുതെന്നും മുഖ്യമന്ത്രി നിർദേശം നൽകി. ദേവസ്വം മന്ത്രി കെ മുരളീധരൻ, മന്ത്രിമാരായ കെ എം ഷാജി, പി കെ ബഷീർ, സി പി ജോൺ, ചീഫ് സെക്രട്ടറി ഡി ജി പി , തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡൻറ് തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു. പ്രതിദിനം മൂന്നേകാൽ*

RNU TVPM

*ലക്ഷം നിർമാണ ശേഷിയോടെ അരവണ പ്ലാന്റിന്റെ ശേഷി വർധിപ്പിച്ചതായി ദേവസ്വം ബോർഡ് യോഗത്തിൽ അറിയിച്ചു. ന്യൂസ് ഡെസ്ക് ആകാശവാണി.*

**************************

## വൈദ്യുതി നിയന്ത്രണം

സംസ്ഥാനത്ത് വൈദ്യുതി ലഭ്യത കുറയുകയും ആവശ്യകത വൻതോതിൽ വർധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രതിസന്ധി മറികടക്കാൻ സൗരോർജ്ജോത്പാദനവും ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റവും വ്യാപകമാക്കാൻ ഒരുങ്ങുന്നതായി മന്ത്രി സണ്ണി ജോസഫ്. മുൻകാലങ്ങളിൽ രാത്രി 7 മണി മുതൽ 10 മണി വരെയായിരുന്ന പീക്ക് അവറുകൾ ഇപ്പോൾ രാത്രി 11 മണിക്ക് ശേഷവും തുടരുകയാണെന്നും മന്ത്രി പറഞ്ഞു. സംസ്ഥാനത്ത് ഇന്നും ഭാഗിക വൈദ്യുതി നിയന്ത്രണത്തിന് സാധ്യതയുണ്ടെന്ന് കെഎസ്ഇബി അറിയിച്ചു. രാത്രി 12:45 വരെ ആയിരിക്കും നിയന്ത്രണം.

**************************

## കെ കൃഷ്ണൻ കുട്ടി

വൈദ്യുതി പ്രതിസന്ധി തരണം ചെയ്യുന്നതിൽ സർക്കാർ വൻ പരാജയമെന്ന് മുൻ വൈദ്യുതി മന്ത്രി കെ കൃഷ്ണൻ കുട്ടി. 6,080 മെഗാവാട്ട് വരെ ഉപഭോഗം കൂടിയിട്ടും എൽഡിഎഫ് സർക്കാരിൻറെ കാലത്ത് പ്രതിസന്ധി ഉണ്ടായിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു. കുറഞ്ഞ വിലക്ക് വൈദ്യുതി കിട്ടുമായിരുന്ന കരാർ LDF സർക്കാർ റദ്ദാക്കിയതാണ് വൈദ്യുതി പ്രതിസന്ധിക്കിടയാക്കിയതെന്ന ആരോപണം ശരിയല്ലെന്നും കരാർ റദ്ദ് ചെയ്തത് റഗുലേറ്ററി കമ്മീഷനാണെന്നും അദ്ദേഹം വ്യക്തമാക്കി.

**************************

PIUTVPM

## അത് ലറ്റിക്സ് ചാമ്പ്യൻഷിപ്പ്(ഇൻട്രോ)

കണ്ണൂർ ജില്ലാ അത്ലറ്റിക്സ് അസോസിയേഷൻ്റെ നേതൃത്വത്തിൽ തലശ്ശേരിയിൽ അത് ലറ്റിക്സ് ചാമ്പ്യൻഷിപ്പിന് തുടക്കമായി. ജില്ലയിലെ വിദ്യാഭ്യാസസ്ഥാപനങ്ങൾ, ക്ലബുകൾ എന്നിവയെ പ്രതിനിധീകരിച്ചുള്ള കായികതാരങ്ങൾ ആണ് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്നത്

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.**

**(വോയ്സ്)**

**************************

## ചാമ്പ്യൻസ് ബോട്ട് ലീഗ്

സംസ്ഥാന വിനോദസഞ്ചാര വകുപ്പ് സംഘടിപ്പിക്കുന്ന ചാമ്പ്യൻസ് ബോട്ട് ലീഗ് ആറാം സീസണിന് ഈ മാസം 19ന് ആലപ്പുഴ കരുവാറ്റയിൽ തുടക്കമാകും. ഫൈനലടക്കം ആകെ 11 മത്സരങ്ങളുള്ള സിബിഎലിന് നവംബർ 21 ന് കൊല്ലത്ത് നടക്കുന്ന പ്രസിഡൻറ്സ് ട്രോഫിയോടെ സമാപനമാകും.

**************************

## കള്ളക്കടൽ

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കേരള തീരത്ത് നാളെ രാത്രി 11.30 വരെ ഉയർന്ന തിരമാലകൾക്കും കടലാക്രമണത്തിനും സാധ്യതയെന്ന് ദേശീയ സമുദ്ര വിവര വിശകലന കേന്ദ്രം. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കേണ്ടതാണ്.

**************************

## ഹോക്കി

ജൂനിയർ ഏഷ്യകപ്പ് പുരുഷ ഹോക്കി ഫൈനലിൽ കടന്ന് ഇന്ത്യ . ഇന്ന് നടന്ന ആദ്യ സെമിയിൽ മലേഷ്യയെ 3-1 ന് ഇന്ത്യ പരാജയപ്പെടുത്തി. വനിത ഹോക്കി സെമിയിൽ ഇന്ത്യ നാളെ ദക്ഷിണ കൊറിയയെ നേരിടും.

**************************

RNU TVPM

## ഏഷ്യാ കപ്പ് വനിതാ 20-20

ഏഷ്യാ കപ്പ് വനിതാ 20-20 ക്രിക്കറ്റ് രണ്ടാം സെമിയിൽ ഇന്ന് പാകിസ്ഥാൻ, ശ്രീലങ്കയെ നേരിടും. രാത്രി 8-നാണ് മത്സരം. ആദ്യസെമിയിൽ ബംഗ്ലാദേശിനെ പരാജയപ്പെടുത്തി ഇന്ത്യ ഫൈനലിൽ കടന്നു. മറ്റന്നാളാണ് ഫൈനൽ മത്സരം.

**************************

## ഓഹരി+ സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 121 പോയിൻറ് നഷ്ടത്തിലും, നിഫ്റ്റി 80 പോയിൻറ് നഷ്ടത്തിലും വ്യാപാരം അവസാനിപ്പിച്ചു.
രാവിലെ കുറഞ്ഞ സ്വർണ്ണവില ഉച്ചയ്ക്ക് ശേഷം വീണ്ടും കൂടി. ഇന്നലത്തേതിൽ നിന്നും, പവന് 800 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 13,240 രൂപയും ഗ്രാമിന് 14,155 രൂപയുമാണ് നിലവിൽ വില.

**************************

## പ്രചാരണം അടിസ്ഥാനരഹിതം

സംസ്ഥാനത്തെ മൂന്ന് സർക്കാർ ആയുർവേദ കോളേജുകളിലെ BAMS പ്രവേശനത്തിനുള്ള അഖിലേന്ത്യാ ക്വാട്ട സീറ്റുകൾ പൂർണമായും നഷ്ടപ്പെട്ടെന്ന പ്രചാരണം അടിസ്ഥാനരഹിതമാണെന്ന് ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ. കഴിഞ്ഞ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജിൽ ഒരു സീറ്റിന്റെ കുറവാണുള്ളതെന്നും, ഇത് പുനഃസ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണെന്നും അദ്ദേഹം അറിയിച്ചു.

**************************

******************

******s

RNUTVPM